# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>മോണോറെയിൽ കോർപ്പറേഷൻ</u>

1357 ശ്രീ. എളമരം കരീം
,, എ. പ്രദീപ്കുമാർ
,, കെ. വി. വിജയദാസ്
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോണോറെയിൽ കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് മോണോ റെയിൽ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്; അതിനായി എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്; വിശദമാക്കുമോ ;

(ഡി) ഈ കോർപ്പറേഷൻ ഏത് വകുപ്പിന് കീഴിലാണ് രൂപീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>തലസ്ഥാനത്തെ മോണോ റെയിൽ പദ്ധതി</u>

1358 ശ്രീ. കെ. മുരളീധരൻ
,, എം.എ. വാഹീദ്
,, എ.ടി. ജോർജ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് മോണോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ; ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ചുമതല ആർക്കാണ് നൽകിയിരിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയുടെ സാദ്ധ്യതാപഠനം പൂർത്തിയാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് മോണോ റയിൽ പദ്ധതി</u>

1359 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മോണോ റെയിൽ പദ്ധതിക്ക് വേണ്ടി വിൽബർ സ്മിത്ത് എന്ന കൺസൾട്ടൻസി സ്ഥാപനം തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ ഡി.എം.ആർ.സി. ഉപദേശകൻ ശ്രീ. ഇ. ശ്രീധരൻ നിർദ്ദേശിച്ച മാറ്റങ്ങൾ എന്തൊക്കെയായിരുന്നു ; വിശദമാക്കാമോ ; ഇത് പൂർണ്ണമായും അംഗീകരിച്ചിട്ടുണ്ടോ ;

(ബി) മോണോ റെയിൽ പദ്ധതിയുടെ നിർമ്മാണ ചുമതല ആർക്കായിരിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(സി) പദ്ധതിക്ക് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര ; സർക്കാർ വിഹിതം എത്ര ; അതിനായി ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര ; ഏത് സ്ഥാപനത്തിന്റെ സാമ്പത്തിക സഹായത്തോടെ പദ്ധതി നടപ്പിലാക്കാനാണുദ്ദേശിക്കുന്നത് ;

(ഡി) പദ്ധതിക്കായി നിലവിലുള്ള ഏതെല്ലാം റോഡുകൾ എത്ര മീറ്റർ വീതിയിൽ വികസിപ്പിക്കാനുദ്ദേശിക്കുന്നു;

(ഇ) എത്ര സ്വകാര്യ വ്യക്തികളിൽ നിന്നും എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായി വരും ;

(എഫ്) മോണോ റെയിൽ പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ഏത് വകുപ്പിനെയാണ് ഏല്പിച്ചിരിക്കുന്നത് ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>മോണോ റെയിൽ പദ്ധതിയ്ക്കായുള്ള സ്ഥലമെടുപ്പ്</u>

1360 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന ജില്ലയിലെ മോണോ റെയിൽ പദ്ധതിക്കു വേണ്ടി സ്ഥലം അക്വയർ ചെയ്യാനുള്ള സർവ്വേ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഏത് ഏജൻസിയെയാണ് സർവ്വേ നടത്താൻ ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ബി) നാഷണൽ ഹൈവേ 47-ന്റെ മധ്യഭാഗത്തായിരിക്കും മോണോ റെയിൽ സർവ്വീസിനുള്ള സംവിധാനം എന്ന വിശദീകരണം നടത്തിയിരുന്നുവോ;

(സി) ഹൈവേയുടെ വീതി എത്രയായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; മോണോ റെയിലിന്റെ വീതി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) മോണോ റെയിൽ സ്റ്റോപ്പുകൾ എവിടെയൊക്കെയായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) ദേശീയ പാതയുടെ ഇരുവശങ്ങളിൽ നിന്നായി മോണോ റെയിലിന് വേണ്ടി എത്ര കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടി വരുമെന്നാണ് കണക്കാക്കപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പ്</u>

1361 ശ്രീ. സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതക്കുള്ള സ്ഥലമെടുപ്പിന് എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) അലൈൻമെന്റുമായി ബന്ധപ്പെട്ട പാകപ്പിഴകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സ്ഥലമെടുപ്പ് പരാതികൾ പരിഹരിക്കാൻ പ്രത്യേക സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) ദേശീയപാതയ്ക്കുള്ള വീതി എത്രയായിട്ടാണ് ഇപ്പോൾ നിജപ്പെടുത്തിയിട്ടുള്ളത് ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>ദേശീയപാത വികസനം</u>

1362

ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ വര്‍ദ്ധിച്ചുവരുന്ന വാഹനാപകടങ്ങളും ഗതാഗതക്കുരുക്കും പരിഹരിക്കുന്നതിന് ദേശീയപാതകള്‍ നാലുവരിയാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ദേശീയപാതകള്‍ക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പരാതികള്‍ തീര്‍ക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നാലുവരിപ്പാതയില്‍ ടോള്‍ പിരിക്കുമെന്ന ജനങ്ങളുടെ ആശങ്കയിന്മേലുള്ള സര്‍ക്കാരിന്റെ നിലപാടെന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>റബ്ബറൈസ്ഡ് ടാറിംഗ്</u>

1363 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഴുവൻ പി.ഡബ്ള്യു.ഡി റോഡുകളും റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) കൂടുതൽ ഗ്രാമീണ റോഡുകൾ പി.ഡബ്ള്യു.ഡി ഏറ്റെടുക്കുന്നതിനുള്ള നടപടി ഉണ്ടാകുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

കെ.എസ്.റ്റി.പി. പ്രോജക്ട് - രണ്ടാംഘട്ടം

1364 ശ്രീ. കെ. മുരളീധരൻ
'' പി.എ. മാധവൻ
'' ഷാഫി പറമ്പിൽ
'' പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പിയുടെ രണ്ടാം ഘട്ടം പുനരാരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ലോക ബാങ്കിന്റെ സഹായത്തിനായി ചർച്ച നടത്തി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) സ്ഥലമെടുപ്പിനും പണി തുടങ്ങുന്നതിനും എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പാപ്പിനിശ്ശേരി പിലാത്തറ കെ.എസ്.ടി.പി. റോഡ്</u>

1365 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ പാപ്പിനിശ്ശേരി - പിലാത്തറ റോഡിന്റെ നവീകരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത റോഡിന് എന്തൊക്കെ സവിശേഷതകളാണുള്ളത് ; എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(സി) റോഡിന്റെ നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കെ. എസ്. റ്റി. പി. പദ്ധതി</u>

1366 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. റ്റി. പി. പദ്ധതിയിൽ ഉൾപ്പെടുത്തിയ നിലമ്പൂർ - പെരുമ്പിലാവ് - ഹൈവേയുടെ ഭാഗമായ പെരിന്തൽമണ്ണ - പെരുമ്പിലാവ് റോഡിന് എത്ര രൂപ ചെലവ് വരുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയിൽ പട്ടാമ്പിയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ പുതിയ പാലം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്ന് തുടങ്ങുവാനും എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനും സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>എം. സി. റോഡിലെ അനധികൃത കയ്യേറ്റങ്ങൾ</u>

1367 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി പ്രകാരം നവീകരിച്ച എം.സി. റോഡിലെ അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഭാഗത്ത് കൈയ്യേറ്റം ഒഴിപ്പിച്ച എത്ര വിസ്തീർണ്ണം ഭൂമി കെ.എസ്.റ്റി.പി.യുടെ അധീനതയിൽ ഉണ്ട് ;

(സി) കമ്പംകോടിനും ഏനാത്തിനും ഇടയിലുള്ള പ്രദേശത്ത് കെ.എസ്.റ്റി.പി.യുടെ അധീനതയിൽ ഏറ്റവും കൂടുതൽ ഭൂമിയുള്ളത് ഏതെല്ലാം പ്രദേശങ്ങളിലാണ് ; അവയുടെ വിസ്തീർണ്ണവും സർവ്വേ നമ്പരും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സമയബന്ധിത നിർമ്മാണ പ്രവർത്തനങ്ങൾ</u>

1368 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചിത കാലപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള സംവിധാനം നിലവിലുണ്ടോ;

(ബി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ അനന്തമായി നീണ്ടുപോകാതെ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് നിർമ്മാണം</u>

1369 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. എസ്. ടി. പി. രണ്ടാംഘട്ടത്തിൽ ഏതൊക്കെ റോഡുകളാണ് അഭിവൃദ്ധിപ്പെടുത്തുന്നത്;

(ബി) ഇതിൽ കാസർഗോഡ്- കാഞ്ഞങ്ങാട് റോഡിന് എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്;

(സി) ഇതിന്റെ ടെൻഡർ നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രവൃത്തി എന്നു മുതൽ ആരംഭിക്കും; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ഒറ്റത്തവണ ടാർ ചെയ്യൽ പദ്ധതി</u>

1370 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റത്തവണ ടാർ ചെയ്യൽ പദ്ധതിപ്രകാരം എത്ര കി. മീ. റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട് എന്ന വിവരം ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഒറ്റത്തവണ ടാർ ചെയ്യൽ പദ്ധതിപ്രകാരം 2012-13 വർഷംകോട്ടയം ഡിവിഷനു കീഴിൽ എത്ര കി. മീ. റോഡ് ടാർ ചെയ്യുന്നതിന് അനുമതി ലഭിച്ചു എന്ന സബ് ഡിവിഷൻ തലത്തിലുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഒറ്റത്തവണ ടാർ ചെയ്യുന്നതിനായി റോഡുകൾ ഏറ്റെടുക്കുമ്പോൾ എന്തെല്ലാം മാനദണ്ഡങ്ങളാണ് വകുപ്പ് നിഷ്ക്കർഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കൺസ്ട്രക്ഷൻ കോർപ്പറേഷൻ</u>

1371 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ജി. സുധാകരൻ
,, എം. ഹംസ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ്, റോഡും പാലവും ഉൾപ്പെടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനെ നേരിട്ട് ഏല്പിക്കുന്നുണ്ടോ ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകളിൽ ;

(ബി) കോർപ്പറേഷന് നിർമ്മാണരംഗത്ത് ആവശ്യമായ ആധുനിക യന്ത്രസാമഗ്രികളും, തൊഴിൽ സേനയും നിലവിലുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; പ്രവൃത്തികൾക്ക് കോർപ്പറേഷൻ ഈടാക്കുന്ന ഫീസ് എത്ര ശതമാനമാണ് ;

(സി) നിർമ്മാണപ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് നേരിട്ട് ടെൻഡർ ചെയ്ത് നടപ്പിൽ വരുത്തുന്നതും കോർപ്പറേഷൻ വഴി നടത്തുന്നതും തമ്മിലുള്ള വ്യത്യാസങ്ങളും സാമ്പത്തിക പ്രയോജന വിശകലനങ്ങളും അധിക ചെലവുകളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഈ സർക്കാർ ഇതിനകം കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏല്പിച്ച നിർമ്മാണ പ്രവൃത്തികൾ റീജിയനുകൾ തിരിച്ച് വെളിപ്പെടുത്താമോ ; അവ ഓരോന്നിന്റെയും ടെണ്ടർ എക്സസ് എത്ര ശതമാനമാണെന്നും പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതികളും, പ്രവൃത്തി എത്ര ശതമാനം പിന്നിട്ടിട്ടുണ്ടെന്നുമുള്ള ലഭ്യമായ വിശദാംശങ്ങളും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിലെ ഇ-ടെൻഡർ</u>

1372 ശ്രീ. ബെന്നി ബെഹനാൻ
'' അൻവർ സാദത്ത്
'' ആർ. സെൽവരാജ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെൻഡറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനം കൊണ്ടുള്ള നേട്ടങ്ങളും സവിശേഷതകളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ജനങ്ങൾക്ക് ലഭിക്കുന്നത് ;

(ഡി) ടെൻഡറിനുള്ള സുതാര്യതയ്ക്കു വേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>പരാതി പരിഹാര സെൽ</u>

1373 ശ്രീ. ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം
,, ഷാഫി പറമ്പിൽ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ്വക റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച പരാതികളും മറ്റു പ്രശ്നങ്ങളും പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്;

(ബി) ഇതിനായി സംസ്ഥാനത്ത് പ്രത്യേക സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സെൽ മുഖേന ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം നഗരത്തിലെ മരാമത്ത് പ്രവൃത്തികൾ</u>

1374 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം നഗരത്തിൽ എത്ര കോടി രൂപയുടെ മരാമത്ത് പ്രവൃത്തികളാണ് നടപ്പിലാക്കിയത് ;

(ബി) ആയതിൽ നേമം, വട്ടിയൂർക്കാവ്, തിരുവനന്തപുരം, കഴക്കൂട്ടം എന്നീ നിയമസഭാ നിയോജകമണ്ഡലങ്ങൾ തിരിച്ചുള്ള കണക്കുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) അവയിൽ, റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നീ മരാമത്ത് പ്രവൃത്തികളെ സംബന്ധിച്ചുള്ള വിശദാംശങ്ങളും മേൽപറഞ്ഞ നിയമസഭാ മണ്ഡലങ്ങൾ തിരിച്ച് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

കൈനകരി - കുപ്പപ്പുറം പി.എച്ച്.സി. റോഡ്

1375 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 16–ൽ ഉൾപ്പെട്ട കൈനകരി-കുപ്പപ്പുറം പി.എച്ച്.സി. റോഡ് പണിയുടെ പൂർത്തീകരണത്തിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിന് നബാർഡ് നിശ്ചയിച്ചിരിക്കുന്ന കാലാവധി എന്ന് വരെ ; വ്യക്തമാക്കുമോ ;

(സി) റീ ടെൻഡർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പെരിങ്ങര ചെറിയ പാലം</u>

1376 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിലെ പെരിങ്ങര പഞ്ചായത്തിലെ പെരിങ്ങര ചെറിയ പാലം നിർമ്മിക്കുവാനുള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നു തുടങ്ങുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ</u>

1377 ശ്രീ. പി. സി. വിഷ്ണുനാഥ്
,, റ്റി. എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര കിലോമീറ്റർ റോഡാണ് വകുപ്പ് ഏറ്റെടുത്തത്;

(ഡി) ഏറ്റെടുത്ത റോഡുകളിൽ എന്തെല്ലാം നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>അടൂര്‍ നിയോജകമണ്ഡലത്തിലെ കരാര്‍കാലാവധി കഴിഞ്ഞ റോഡുകള്‍</u>

1378 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അടൂര്‍ നിയോജകമണ്ഡലത്തില്‍ കരാര്‍ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തികള്‍ പൂര്‍ത്തീകരിച്ചിട്ടില്ലാത്ത റോഡുകളുടെ വിവരം ലഭ്യമാക്കുമോ ;

(ബി) ആയതില്‍ പാര്‍ട്ട്ബില്‍ സമര്‍പ്പിച്ച് തുകമാറി കരാറുകാരന് നല്‍കിയിട്ടുണ്ടോ ; എങ്കില്‍ അവയുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ കരാര്‍ ലംഘനത്തിനെതിരെ എന്ത് നടപടിയാണ് വകുപ്പുതലത്തില്‍ സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കരുനാഗപ്പള്ളി മണ്ഡലത്തിലെ റോഡുകളുടെ പ്രവൃത്തികൾ</u>

1379 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ കഴിഞ്ഞ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന 13 റോഡുകളിൽ എത്ര എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു;

(ബി) ബാക്കിയുള്ളവ എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(സി) എത്ര റോഡുകളുടെ അപ്ഗ്രഡേഷൻ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത് ; എന്ന് പൂർത്തീകരിക്കാൻ സാധിക്കും ; വ്യക്തമാക്കാമോ ;

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പടന്നക്കാട് റെയിൽവെ മേൽപ്പാലത്തിന്റെ ചുങ്കം പിരിവ്</u>

1380 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ പടന്നക്കാട് റെയിൽവെ മേൽപ്പാലത്തിന്റെ ചുങ്കം പിരിവിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്നറിയിക്കാമോ ;

(ബി) ഇതിന് സ്വീകരിച്ച നടപടിക്രമം വിശദമാക്കാമോ ;

(സി) ചുങ്കം പിരിവിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടക്കുന്നുണ്ടോ ;എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ക്രമക്കേടുമായി ബന്ധപ്പെട്ട് ആർക്കൊക്കെ എതിരെയാണ് കേസ് എടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ഇ) കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ഏലത്തൂർ പാലം, സ്കൂൾ കെട്ടിടം എന്നിവയുടെ നിർമ്മാണം</u>

1381 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏലത്തൂർ നിയോജകമണ്ഡലത്തിലെ സബ്മെർജിബിൾ പാലം നിർമ്മാണത്തിനായി എം.എൽ.എ മാരുടെ അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുമോ; വ്യക്തമാക്കുമോ;

(ബി) കാക്കൂർ ഗ്രാമപഞ്ചായത്താഫീസ്, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണം എം. എൽ.എ മാരുടെ അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുമോ; വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

**ചാത്തന്നൂർ റോഡ്സ് സെക്ഷനിലെ കരാർ പാലിക്കാത്ത കരാറുകാർക്കെതിരെ നടപടി**

1382 **ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ റോഡ്സ് സെക്ഷന്റെ പരിധിയിൽ കരാർ പ്രകാരം നിർമ്മാണം ആരംഭിക്കുകയും കാലാവധിക്ക് മുൻപ് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്യാത്ത എത്ര റോഡുകളാണ് നിലവിലുള്ളത്; റോഡുകളുടെ പേരും, തുകയുടെ വിശദാംശവും അറിയിക്കുമോ;

(ബി) ഈ റോഡുകളുടെ കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ റോഡുകൾക്ക് എന്നുവരെ കാലാവധി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ എന്ത് നടപടിയാണ് ഔദ്യോഗിക തലത്തിൽ സ്വീകരിച്ചിട്ടുള്ളത്; ഇക്കാര്യത്തിൽ വീഴ്ചകൾ സംഭവിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>കൂട്ടുവാതുക്കൽ കടവ് പാലം</u>

1383 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം, ഹരിപ്പാട്, കരുനാഗപ്പള്ളി മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കായംകുളം മണ്ഡലത്തിലെ കൂട്ടുവാതുക്കൽ കടവ് പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

നാദാപുരം - വിവിധ പാലങ്ങളുടെ നിർമ്മാണം

1384 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നാദാപുരം നിയോജകമണ്ഡലത്തിലെ കല്ലാച്ചാരിക്കടവ്, മേലേ കുരുടൻ കടവ്, തുരുത്തിമുക്ക് പാലങ്ങളുടെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ പാലങ്ങൾ</u>

1385 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ വൈശ്യംഭാഗം, തട്ടാശ്ശേരി, മുട്ടേൽ, മുണ്ടയ്ക്കൽ പാലങ്ങളുടെ നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) കുട്ടനാട്ടിലെ ഏതെല്ലാം പാലങ്ങളുടെ സോയിൽ ടെസ്റ്റിന് ടെന്റർ ക്ഷണിച്ചിട്ടുണ്ടെന്നും പൂർത്തീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) കുട്ടനാട്ടിലെ ഏതെല്ലാം പാലങ്ങൾക്ക് ലാൻഡ് അക്വിസിഷൻ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>കാവനാൽ കടവ് പാലം</u>

1386 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവല്ല നിയോജകമണ്ഡലത്തിലെ കാവനാൽ കടവ് പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് എന്ന് ഗതാഗതത്തിന് തുറന്ന് കൊടുക്കുവാൻ സാധിക്കുമെന്ന് അറിക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>കണ്‍സ്ട്രക്ഷന്‍ കോര്‍പ്പറേഷന്‍ വഴി നടത്തുന്ന പ്രവൃത്തികള്‍</u>

1387 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികരാമേറ്റ ശേഷം സംസ്ഥാന കണ്‍സ്ട്രക്ഷന്‍ കോര്‍പ്പറേഷന്‍ വഴി നടത്താന്‍ തീരുമാനിച്ച നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ ഏതൊക്കെയാണ് ; അതിനായി എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു ;

(ബി) ഈ വര്‍ക്കുകള്‍ കണ്‍സ്ട്രക്ഷന്‍ കോര്‍പ്പറേഷന്‍ നേരിട്ടാണോ നടത്തുന്നത് ; അല്ലെങ്കില്‍ ഇത്തരം വര്‍ക്കുകള്‍ കോര്‍പ്പറേഷന്‍ നടത്തുന്നത് ഏത് രീതിയിലാണ്; വിശദമാക്കാമോ;

(സി) കണ്‍സ്ട്രക്ഷന്‍ കോര്‍പ്പറേഷന്‍ ലിസ്റ്റ് ചെയ്തിട്ടുള്ള കോണ്‍ട്രാക്ടര്‍മാരുടെ ലിസ്റ്റ് ലഭ്യമാക്കാമോ ;

(ഡി) വകുപ്പ് നേരിട്ട് ടെണ്ടര്‍ നടപടിക്രമങ്ങളിലൂടെ കോണ്‍ട്രാക്ടര്‍മാരെ കണ്ടെത്തി നിര്‍മ്മാണം നടത്തിക്കുന്നതിന് പകരം കോര്‍പ്പറേഷന്‍ വഴി നിര്‍മ്മാണം നടത്തുന്നതുമൂലം സര്‍ക്കാരിനുണ്ടാകുന്നത് നഷ്ടമാണോ ; ലാഭമാണോ ; നേട്ടവും കോട്ടവും സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>കോട്ടച്ചേരി റെയിൽവെ മേൽപ്പാലം</u>

1388 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കോട്ടച്ചേരി റെയിൽവെ മേൽപ്പാലം നിർമ്മാണത്തിന് അനുമതി ലഭിച്ചത് എന്നാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത മേൽപ്പാലം നിർമ്മിക്കുന്നതിന് തടസ്സമായി നിൽക്കുന്ന കോടതി നടപടികൾ തീർപ്പാക്കുന്ന കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) മേൽപ്പാലം നിർമ്മിക്കുവാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>പുല്ലിക്കടവ് കല്ലംപാറ, പുല്ലിക്കടവ് പെരുമുഖം</u>
<u>റോഡുകളുടെ വികസനം</u>

1389 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുല്ലിക്കടവ് കല്ലംപാറ, പുല്ലിക്കടവ് - പെരുമുഖം റോഡുകൾ വീതി കൂട്ടണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>സെന്റർ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ പ്രവൃത്തികൾ</u>

1390 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെന്റർ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി ലഭിച്ചു;

(സി) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഫറോക്ക്– മണ്ണൂർ– കടലുണ്ടി റോഡ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പുനലൂർ താലൂക്ക് ആശുപത്രിയിലെ പ്രകൃതി സൗഹൃദ മന്ദിരം</u>

1391 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്തുവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ 8.83 കോടി രൂപയുടെ ഭരണാനുമതി നൽകിയ പുനലൂർ താലൂക്ക് ആശുപത്രിയിലെ പ്രകൃതി സൗഹൃദ മന്ദിരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന്റെ നിർമ്മാണ പ്രവർത്തനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) കെട്ടിടനിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുളള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

സി. ആർ. എഫ് –ൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവർത്തികൾ

1392 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നശേഷം സി. ആർ. എഫ് –ൽ നിന്നും എത്ര തുകയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത തുകയുടെ കണക്കുകൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളിൽ കൊല്ലം ജില്ലയിൽപ്പെടുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സിവിൽ സ്റ്റേഷൻ നിർമ്മാണ പ്രവർത്തനം</u>

1393 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ സിവിൽ സ്റ്റേഷൻ നിർമ്മാണവും ആറ്റിങ്ങൽ സിവിൽ സ്റ്റേഷൻ രണ്ടാംഘട്ട നിർമ്മാണവും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇവ ഓരോന്നിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; ഓരോന്നിന്റെയും കരാർ തുക എത്രയാണ്; ഓരോന്നിനും ഇതുവരെ എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ട്;

(സി) ഓരോ പ്രവൃത്തിയുടേയും കരാർ ഏറ്റെടുത്തിരിക്കുന്ന വ്യക്തികളുടെ പേരുവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>വടക്കുമ്പാട് അണ്ടർ ബ്രിഡ്ജ്</u>

1394

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മംഗലാപുരം - ഷൊർണ്ണൂർ റെയിൽവേ ലൈനിൽ ഫറോക്കിനും കടലുണ്ടിക്കുമിടയിൽ വടക്കുമ്പാട് അണ്ടർബ്രിഡ്ജ് നിർമ്മിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ പരിഗണിക്കുമോ;

(സി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

<u>നീലേശ്വരം കോട്ടപ്പുറം–ടൂറിസം റോഡ്</u>

1395 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം കോട്ടപ്പുറം–ടൂറിസം റോഡ് നിർമ്മാണം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മാണ കരാർ ഏറ്റെടുത്ത് വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണം പൂർത്തിയാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കാവിൽ - തീക്കുനി - കുറ്റ്യാടി റോഡ് പ്രവൃത്തികൾക്ക് ഭരണാനുമതി</u>

1396 **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാവിൽ - തീക്കുനി - കുറ്റ്യാടി റോഡ് എത്ര കിലോമീറ്റർ ദൂരം മെക്കാഡം ചെയ്യുന്നതിനാണ് ഇപ്പോൾ ഉത്തരവായിരിക്കുന്നത് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡിലെ ബാക്കി ദൂരം മെക്കാഡം ചെയ്യുന്നതിന് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ ; ആയത് പരിഗണനയിലുണ്ടോ ; വ്യക്തമാക്കാമോ ;

(സി) ഈ പ്രൊപ്പോസൽ ഭരണാനുമതിക്കായുള്ള കമ്മിറ്റി പരിഗണിച്ചിരുന്നുവോ ;

(ഡി) ഈ പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>മമ്പറം പാലം നിർമ്മാണം</u>

1397 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ എസ്.എച്ച്. 38ലെ മമ്പറംപാലം നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ .;

(ബി) എങ്കിൽ ഈ നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>മണക്കായിക്കടവ് പാലം നിർമ്മാണം</u>

1398 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വേങ്ങാട് ഗ്രാമപഞ്ചായത്തിനെയും മട്ടന്നൂർ മുൻസിപ്പാലിറ്റിയെയും ബന്ധിപ്പിക്കുന്ന മണക്കായിക്കടവ് പാലത്തിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണ്; വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>ചെറുവണ്ണൂർ - കൊളത്തറ-കുന്നത്തുപാലം റോഡിന് സ്ഥലമെടുപ്പ്</u>

1399 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുവണ്ണൂർ - കൊളത്തറ-കുന്നത്തുപാലം റോഡിന് സ്ഥലമെടുപ്പ് പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്;

(ബി) റോഡിന്റെ നവീകരണം എന്ന് പൂർത്തീകരിക്കാൻ സാധിക്കും ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>പാലങ്ങളുടെ നിർമ്മാണം</u>

1400 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പുഴക്കൽപ്പടി, ഞെട്ടരക്കടവ്, ഈസ്റ്റ് ഒറ്റപ്പാലം, കണ്ണിയംപുറം തോട്ടിൽ പാലം എന്നീ പാലങ്ങൾ നിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ടോ ;

(ബി) അതിനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ ; ഓരോ പാലത്തിനും എന്തു തുകയാണ് ആവശ്യമായിട്ടുള്ളത് ; വിശദമാക്കുമോ;

(സി) അതിനായുള്ള ഫയലുകളുടെ വിശദാംശം നൽകാമോ ; ഓരോന്നിന്റെയും കാലികസ്ഥിതി വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

ഞാവളിൻകടവ് പാലം നിർമ്മാണം

1401 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം - തരുർ അസംബ്ളി മണ്ഡലങ്ങളെ ബന്ധിപ്പിച്ച് ഭാരതപ്പുഴയിൽ ഞാവളിൻകടവ് ഭാഗത്ത് പാലം നിർമ്മിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ടോ ; എങ്കിൽ ഉത്തരവ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കിയോ ; വിശദമാക്കുമോ ;

(സി) പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിയോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ തയ്യാറാക്കൽ എന്നിവ പൂർത്തിയാക്കി പാലം നിർമ്മാണം ആരംഭിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>അച്ചാംതുരുത്തി പാലത്തിന്റെ നിർമ്മാണം</u>

1402

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അച്ചാംതുരുത്തി പാലത്തിന്റെ നിർമ്മാണം ഉടമ്പടി പ്രകാരമുള്ള സമയപരിധി കഴിഞ്ഞിട്ടും പൂർത്തിയാകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കുവാൻ സാധിക്കും; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>കരുവാറ്റ ജീപ്പബ്ള്‍ ബ്രിഡ്ജിന് ഭരണാനുമതി</u>

1403 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഉണ്ണികുളം – താമരശ്ശേരി ഗ്രാമ പഞ്ചായത്തുകളെ തമ്മില്‍ ബന്ധിപ്പിക്കുന്ന കരുവാറ്റ ജീപ്പബ്ള്‍ ബ്രിഡ്ജിന് ഭരണാനുമതി ലഭിച്ചത് എന്നാണ്; വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ ആയതിന്റെ കാരണം വിശദമാക്കുമോ;

(സി) ഈ പ്രവൃത്തി എപ്പോള്‍ ആരംഭിക്കുവാന്‍ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>അഴീക്കടവ്, പെരിഞ്ചേരിക്കടവുകളിൽ പാലങ്ങളുടെ നിർമ്മാണം</u>

1404 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ അഴീക്കൽ, പെരിഞ്ചേരി കടവുകളിൽ പാലം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടം വരെയായി; വ്യക്തമാക്കുമോ ;

(ബി) ഈ പാലങ്ങൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് അരേയടത്ത് പാലം</u>

1405 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ അരേയടത്ത് പാലം (കിഴക്കുഭാഗം) ഗതാഗതയോഗ്യമാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പാലം അടിയന്തിരമായി ഗതാഗതയോഗ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ ;

(സി) ഈ പാലത്തിന്റെ പ്രവൃത്തി എന്നാണ് ആരംഭിച്ചത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പൊന്നാനി -എലത്തൂർ തീരദേശപാത</u>

1406 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി-എലത്തുർ തീരദേശ പാതയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണ് ;

(ബി) ചമ്രവട്ടം മുതൽ തീരദേശ പാത അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കുന്നതിന് പദ്ധതികളാവിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

<u>അങ്കമാലി ബൈപ്പാസ് പദ്ധതി</u>

1407 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011–2012 ലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന അങ്കമാലി ബൈപ്പാസ് പദ്ധതി നടപ്പിലാക്കുവാൻ ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) ഇതു സംബന്ധിച്ച് ആർ.ബി.ഡി.സി.കെ സമർപ്പിച്ച പ്രൊപ്പോസലിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) അങ്കമാലി ബൈപ്പാസ് നിർമ്മാണകാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>കാലടി സമാന്തരപാലം</u>

1408 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത്
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി സമാന്തര പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും അലൈൻമെന്റിന് അംഗീകാരം നൽകുന്നതിലെ കാലതാമസം വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കുട്ടനാട് താലൂക്കിലെ നിർമ്മാണ പ്രവൃത്തികൾ</u>

1409

ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് താലൂക്കിൽ ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ ആണ് പൂർത്തീകരിക്കാനുള്ളത് എന്ന് വിശദമാക്കുമോ;

(ബി) എടത്വാ സബ്ട്രഷറി, പുളിങ്കുന്ന് താലൂക്ക് ആശുപത്രി എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം കുട്ടനാട്ടിലെ ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>പരവൂർ വെറ്ററിനറി പോളിക്ലിനിക്കിന്റെ കെട്ടിട നിർമ്മാണം</u>

1410 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ വെറ്ററിനറി പോളിക്ലീനിക്കിന്റെ കെട്ടിട നിർമ്മാണത്തിനായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്നറിയിക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ; എപ്പോൾ നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>വടകരയിൽ ഓഫീസ് അനുവദിക്കാൻ നടപടി</u>

1411 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വടകരയിൽ പൊതുമരാമത്ത് വകുപ്പിന്റെ ബിൽഡിംങ്ങും, എൻ. എച്ച്. ഡിവിഷനും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസും അനുവദിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

മഴുവങ്ങാട് - രാമൻചിറ ബൈപ്പാസ്

1412 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ലയിൽ മഴുവങ്ങാട് ചിറ മുതൽ രാമൻചിറ വരെ ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി എന്ന് ആരംഭിച്ച് എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

കടപ്ര – വീയപുരം – ഹരിപ്പാട് ലിങ്ക് ഹൈവേ

1413 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കടപ്ര – വീയപുരം – ഹരിപ്പാട് ലിങ്ക് ഹൈവേയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കുവാനാകുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പട്ടാമ്പി നിയോജക മണ്ഡലത്തിലെ പ്രധാന റോഡുകളുടെ നവീകരണം</u>

1414 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിലെ തൃത്താല കൊപ്പം- പട്ടാമ്പി- പേങ്ങാട്ടിരി റോഡ്, വിളയൂർ- കൈപ്പുറം റോഡ് എന്നിവ റബ്ബറൈസ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പേരടിയൂർ - കണ്ടേകോവ് - വള്ളീത്ത് തോട്ടമുക്ക് റോഡ്, പറക്കാട് - മേൽമുറി - തെക്കുമല വിളത്തൂർ - മാഞ്ഞാമ്പ്ര - കാരകുത്തങ്ങാടി റോഡ്, കണിയറാവ് - കരിങ്ങനാട് - പ്രഭാപുരം വലി പറമ്പ് - തത്തനം പുള്ളി - നാട്യമംഗലം റോഡ് എന്നിവ 2013-14 ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

ചെന്നലോട് - മുണ്ടക്കുറ്റി-ചേരിയംകൊല്ലി റോഡിന്റെ പ്രവർത്തന പുരോഗതി

1415 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്തുവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ചെന്നലോട്-മുണ്ടക്കുറ്റി-ചേരിയംകൊല്ലി റോഡിന്റെ നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഈ റോഡിന്റെ നിർമ്മാണം ആരംഭിച്ചതെന്നാണ്; ഇപ്പോൾ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(സി) ഈ റോഡിന്റെ പ്രവൃത്തി എന്ന് പൂർത്തീയാക്കാനാകും; വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പാർവ്വതി പുത്തനാറിന് കുറുകെ പാലം നിർമ്മാണം</u>

1416 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നാഷണൽ ഹൈവേ ബൈപ്പാസിൽ നിന്നും ബീമാപള്ളിയിലേക്ക് പാർവ്വതി പുത്തനാറിന് കുറുകെ പാലം നിർമ്മിക്കുന്നതിന് സ്ഥലം പൊന്നുവിലക്കെടുക്കുന്നത് സംബന്ധിച്ച് നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) പാലം പണി എന്ന് ആരംഭിക്കാനാവും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികൾ</u>

1417 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമരാമത്ത് വകുപ്പിൽ നിന്നും എത്ര തുകയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത തുകയുടെ കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നിന്നും സമർപ്പിക്കപ്പെട്ട എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകി; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

ചീഫ് എഞ്ചിനീയർമാർ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

1418 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വകുപ്പിലെ ചീഫ് എഞ്ചിനീയർമാർ എത്ര തുകയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഈ കണക്കുകൾ ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ കൊല്ലം ജില്ലയിൽപ്പെടുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>പാണ്ടിക്കടവിൽ പാലം</u>

1419 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരൂർ–ചേലക്കര നിയോജക മണ്ഡലങ്ങളെ യോജിപ്പിച്ച് ഗായത്രിപ്പുഴയിലെ പാണ്ടിക്കടവിൽ പാലം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) പാലം നിർമ്മാണത്തിനുള്ള സർവ്വേയും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

ചാലക്കുടി അണ്ടർ പാസ്സിന്റെ അപ്രോച്ച് റോഡുകളുടെ നിർമ്മാണം

1420 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിലെ റെയിൽവേ അണ്ടർ പാസ്സിന്റെ നിർമ്മാണം പൂർത്തിയാകാറായെങ്കിലും അപ്രോച്ച് റോഡുകളുടെ നിർമ്മാണത്തിന് അനുതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിന് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പ് ജീവനക്കാരുടെ പുനർവിന്യാസം</u>

1421 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നിന്ന് ജീവനക്കാരെ പുനർവിന്യസിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; അതിലേക്കുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എത്ര ജീവനക്കാരെയാണ് ഇത്തരത്തിൽ പുനർവിന്യസിക്കാൻ തീരുമാനിച്ചത്;

(സി) ഇത്തരം ഒരു തീരുമാനമെടുക്കുന്നതിന് ഏതെങ്കിലും കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടായിരുന്നുവോ; ആയത് എന്നായിരുന്നു.

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ ഭരണാനുമതി ലഭിച്ച പാലങ്ങളുടെ പ്രവൃത്തി</u>

1422 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഭരണാനുമതി ലഭിച്ച ഏതെല്ലാം പാലങ്ങളുടെ പ്രവൃത്തിയാണ് ഇനിയും ആരംഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിലെ കുളിരാന്തിരി പാലത്തിന് ഭരണാനുമതി ലഭിച്ചത് എന്നാണ്;

(സി) ഈ പ്രവൃത്തിക്കുള്ള സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

''ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പ്രവർത്തനങ്ങൾ''

1423 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും എറണാകുളം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന ഓരോ പദ്ധതിയും ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഓരോ പദ്ധതിയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എപ്പോഴാണ് പൂർത്തിയാക്കാൻ കഴിയുക; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

**കായംകുളം മണ്ഡലത്തിന് അനുവദിച്ച പദ്ധതികളുടെ നിർമ്മാണ പുരോഗതി**

1424 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം കാർത്തികപ്പള്ളി റോഡ് രണ്ട് ലൈൻ റോഡായി പുനരുദ്ധരിക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) കായംകുളം ഗവൺമെന്റ് വനിതാ പോളിടെക്നിക്കിന് ആഡിറ്റോറിയം, ലൈബ്രറി, ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ ഭരണാനുമതിക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ;

(സി) കായംകുളം ജുഡീഷ്യൽ കോംപ്ലക്സ്, ഓഫീസേഴ്സ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ഡി) കായംകുളം മണ്ഡലത്തിൽ അനുവദിച്ച പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ വണ്ണാത്തിക്കടവ് പാലവും</u>
<u>കൊക്കോട്ട് വയൽ പാലവും പുതുക്കിപ്പണിയൽ</u>

1425 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ വണ്ണാത്തിക്കടവ് പാലവും കൊക്കോട്ട് വയൽ പാലവും പുതുക്കിപ്പണിയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പ്രകാരം തുക ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

പഴയനടക്കാവ് റോഡിന്റെ നിർമ്മാണം

1426 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ താനകുളം മുതൽ തെക്കോട്ട് പഴയ നടക്കാവ് റോഡ് നിർമ്മാണത്തിന്റെ അടങ്കൽ തുക എത്രയാണ്; വിശദാംശം നൽകുമോ;

(ബി) പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; പണി ചെയ്യുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി

1427 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഭരണാനുമതി ലഭിച്ചതും നിർമ്മാണ പ്രവൃത്തി തുടങ്ങിയതും ടെണ്ടർ നടപടികൾ തുടങ്ങിയതും സാങ്കേതികാനുമതി ലഭിച്ചതുമായ കെട്ടിടങ്ങളുടെ വിശദാംശം നൽകാമോ ;

(ബി) ഈ സാമ്പത്തിക വർഷം ഭരണാനുമതിക്ക് സമർപ്പിച്ച കെട്ടിടങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ ;

(സി) മാടായി എ.ഇ.ഒ. ഓഫീസ് കെട്ടിടം പണി ഇനിയും ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണ് ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>നടമ്മൽ കടവ് പാലം നിർമ്മാണം</u>

1428 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നടമ്മൽ കടവ് പാലത്തിന് ഭരണാനുമതി ലഭിച്ചത് എന്നാണ് ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ശിലാസ്ഥാപന കർമ്മം നടന്നത് എന്നാണ് ;

(സി) പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തത് ആരാണ് ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് എഗ്രിമെന്റ് വച്ചിട്ടുണ്ടോ ; എങ്കിൽ ആയത് ഏതു ദിവസമാണ് ;

(ഇ) പ്രസ്തുത പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും വീതി എത്ര വീതമാണ് ;

(എഫ്) കരാറുകാരന് പാലം നിർമ്മിക്കുന്നതിന് സ്ഥലം ഹാന്റ് ഓവർ ചെയ്തിട്ടുണ്ടോ ;

(ജി) നേരത്തേ നിശ്ചയിച്ചിരുന്നതിൽ നിന്ന് പാലത്തിന്റെയോ, അപ്രോച്ച് റോഡിന്റെയോ ഘടനയിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തു മാറ്റമാണ് വരുത്തിയിട്ടുള്ളത്;

(എച്ച്) നേരത്തേ നിശ്ചയിച്ചതിൽ നിന്ന് എത്ര സ്ഥലം ഇപ്പോൾ ഒഴിവാക്കിയിട്ടുണ്ട് ;

(ഐ) മാറ്റം വരുത്തിയതുകൊണ്ട് ഏതെല്ലാം സ്ഥലമുടമകൾക്ക് നേട്ടമുണ്ടായിട്ടുണ്ട് ;

(ജെ) സർക്കാരിന്റെ അനുമതിയില്ലാതെ സ്ഥലത്തിന്റെ നോട്ടിഫിക്കേഷനിൽ മാറ്റം വരുത്താനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പാടിപ്പുഴയ്ക്ക് കുറുകെയുള്ള പാലം നിർമ്മാണം</u>

1429 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പയ്യന്നൂർ, തൃക്കരിപ്പൂർ നിയോജകമണ്ഡലങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് പാടിപ്പുഴയ്ക്ക് കുറുകെ പാലം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ ;

(ബി) എങ്കിൽ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

## പയ്യന്നൂരിലെ മിനി സിവിൽ സ്റ്റേഷൻ

1430 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിൽ നിർമ്മാണത്തിലിരിക്കുന്ന മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത നിർമ്മാണത്തിന് ഇതുവരെയായി എത്ര തുക ചെലവഴിച്ചു;

(സി) മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

എം.സി റോഡിന്റെ പരിഷ്കരണ നടപടികൾ

1431 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനങ്ങൾ യാത്രക്കായി ഉപയോഗിക്കുന്ന എം.സി റോഡിന്റെ ചെങ്ങന്നൂർ മുതലുള്ള ഭാഗങ്ങളുടെ പരിഷ്കരണ നടപടികൾ വേഗം പൂർത്തിയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) എം. സി. റോഡിന്റെ പരിഷ്കരണം ഇനിയും പൂർത്തിയാക്കാനുള്ള ഭാഗത്തെ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>കൂളിയാട്ടുകടവ് പാലം നിർമ്മാണം</u>

1432 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കൂളിയാട്ടുകടവ് പാലത്തിന്റെ പുതുക്കിയ ഭരണാനുമതിക്കായുള്ള അപേക്ഷയിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പുതുക്കിയ ഭരണാനുമതിക്കുള്ള അപേക്ഷ നൽകി മൂന്നു മാസം കഴിഞ്ഞിട്ടും നടപടി സ്വീകരിക്കാത്തതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായുമോ;

(സി) പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെ; വ്യക്തമാക്കുമോ;

(ഡി) ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

<u>എഴുപുന്ന – കുമ്പളങ്ങി പാലം</u>

1433 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എഴുപുന്ന – കുമ്പളങ്ങി പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കും;

(ബി) പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ച് പാലം പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

പൊതുമരാമത്ത് വർക്ക് സൈറ്റുകളിലെ ഉദ്യോഗസ്ഥ സാന്നിധ്യം

1434 ശ്രീ. കെ. മുരളീധരൻ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വർക്ക് സൈറ്റുകളിലെ ഉദ്യോഗസ്ഥ സാന്നിധ്യം ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ബി) ഇതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>അരൂര്‍ മണ്ഡലത്തിലെ പാലം പണികളുടെ പുരോഗതി</u>

1435 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അരൂര്‍ മണ്ഡലത്തിലെ തുറവൂര്‍ വാക്കയില്‍ പാലം, കോടംതുരുത്ത് പഞ്ചായത്തിലെ പി.എസ്. ഫെറി പാലം, എരമല്ലൂര്‍–കുടപുറം ഫെറി പാലം, എന്നീ പദ്ധതികള്‍ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി തുക എത്രയാണ്; പ്രസ്തുത പ്രവൃത്തികള്‍ എന്ന് ആരംഭിക്കും എന്ന് വ്യക്തമക്കാമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>തിരൂര്‍ - പൊന്മുണ്ടം ബൈപാസ്</u>

1436 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിര്‍ദ്ദിഷ്ട തിരൂര്‍-പൊന്മുണ്ടം ബൈപാസ് നിര്‍മ്മാണം ഇപ്പോള്‍ ഏത് ഘട്ടത്തിലാണ് ;

(ബി) ഒന്നാംഘട്ടവും നാലാംഘട്ടവും പ്രവൃത്തി നടക്കുന്ന പ്രസ്തുത ബൈപാസിന്റെ രണ്ട്, മൂന്ന് ഘട്ടം പ്രവൃത്തി എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(സി) മൂന്നാംഘട്ട പ്രവൃത്തിക്കായി സ്ഥലമെടുപ്പ് നടപടികള്‍ ഇപ്പോള്‍ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തി എന്നത്തേക്കു ആരംഭിക്കാനാകും എന്നും വ്യക്തമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം
2012 ഡിസംബര്‍ 04.

പി.ഡി. ശാരംഗധരന്‍,
സെക്രട്ടറി

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.